LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ വകുപ്പുകളിലെ കമ്പ്യൂട്ടറൈസേഷൻ

33 [1335] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകളിലെ കമ്പ്യൂട്ടറൈസേഷൻ പ്രവർത്തനങ്ങൾ വിലയിരുത്താനും അതനുസരിച്ച് നിർദ്ദേശങ്ങൾ നൽകാനും ഐ. ടി. വകുപ്പിൽ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഈ സംവിധാനം ഫലവത്തായി പ്രവർത്തിക്കുന്നുവെന്നു പരിശോധിച്ചിട്ടുണ്ടോ; ഓരോ വകുപ്പിലും ഇക്കാര്യത്തിലുണ്ടായ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(സി) സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ നടക്കുന്ന കമ്പ്യൂട്ടറൈസേഷൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും സമയബന്ധിതമായി പൂർത്തിയാക്കാനും എന്തെങ്കിലും പ്രത്യേക സംവിധാനം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ;

(ഡി) വിവിധ വകുപ്പുകളിൽ വാങ്ങുന്ന കമ്പ്യൂട്ടർ ഹാർഡ് വെയറുകൾക്ക് കോൺഫിഗറേഷൻ സ്പെസിഫിക്കേഷൻ നിഷ്ക്കർഷിച്ചിട്ടുണ്ടോ; എങ്കിൽ ഇത് ഉറപ്പാക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; വിശദമാക്കുമോ;

(ഇ) കമ്പ്യൂട്ടറൈസേഷൻ സംബന്ധിച്ച് ഓരോ വകുപ്പിലും ജീവനക്കാർക്ക് ഏതെല്ലാം വിഷയങ്ങളിലാണ് ട്രെയിനിംഗ് നൽകുന്നത്; ഈ പരിശീലനം കാര്യക്ഷമവും, ഗുണപ്രദവുമാണോയെന്ന് ഐ. ടി. വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) സർക്കാർ വകുപ്പുകളിലെ കമ്പ്യൂട്ടറൈസേഷൻ പ്രവർത്തനങ്ങൾ വിലയിരുത്തുവാനും ഏകോപിപ്പിക്കുവാനും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും വകുപ്പു സെക്രട്ടറിമാർ അംഗങ്ങളായും ഉള്ള ഒരു ഉന്നതതല കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് ഐ. ടി. വകുപ്പുമുഖേനയാണ്. ഇതുകൂടാതെ 10 ലക്ഷം രൂപയിൽ കൂടുതൽ വരുന്ന വിവിധ വകുപ്പുകളുടെ കമ്പ്യൂട്ടറൈസേഷൻ പദ്ധതികൾ ഐ. ടി. വകുപ്പിന്റെ അനുമതിക്ക് വിധേയമായി നടപ്പാക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. വിവര വിനിമയ സാങ്കേതിക വിദ്യയിൽ പ്രാഗത്ഭ്യമുള്ള കേരള/കേന്ദ്ര സർക്കാർ ഏജൻസികളെ ഐ. ടി. വകുപ്പ് ടോട്ടൽ സൊലൂഷ്യൻ പ്രൊവൈഡേഴ്സ് ആയി നിയമിച്ചിട്ടുണ്ട്. പ്രസ്തുത ഏജൻസികളുടെ സഹായത്തോടുകൂടിയാണ് വിവിധ വകുപ്പുകൾ കമ്പ്യൂട്ടറൈസേഷൻ പദ്ധതികൾ നടപ്പിലാക്കുന്നത്.

(ബി) ഓരോ വകുപ്പിലും ഇക്കാര്യത്തിലുണ്ടായ പുരോഗതി ഉന്നതതല കമ്മിറ്റി പരിശോധിച്ചു വിലയിരുത്തുന്നുണ്ട്. ഓരോ വകുപ്പിലും ഇക്കാര്യത്തിലുണ്ടായ പുരോഗതി സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

(സി) സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ നടക്കുന്ന കമ്പ്യൂട്ടറൈസേഷൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ഐ. ടി. വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു. 10 ലക്ഷത്തിലധികം ചിലവ് വരുന്ന ഡിപ്പാർട്ടുമെന്റൽ കമ്പ്യൂട്ടറൈസേഷൻ പദ്ധതികൾ നടപ്പിലാക്കുന്നതിനുമുമ്പ് ഐ. ടി. വകുപ്പിന്റെ മുൻകൂർ അനുമതി തേടണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. കൂടാതെ സ്റ്റേറ്റ് ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ചർ പദ്ധതിയുടെ സഹായത്തോടുകൂടി കമ്പ്യൂട്ടറൈസേഷൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനുമുള്ള പദ്ധതി പുരോഗമിച്ചുവരുന്നു.

(ഡി) വിവിധ വകുപ്പുകളിൽ വാങ്ങുന്ന കമ്പ്യൂട്ടർ ഹാർഡ്വെയറുകൾക്ക് കോൺഫിഗറേഷൻ സ്പെസിഫിക്കേഷൻ ഐ. ടി. വകുപ്പിൽ നിന്നും നിഷ്ക്കർഷിച്ചിട്ടില്ല. എന്നാൽ വിവര വിനിമയ സാങ്കേതിക രംഗത്ത് പ്രാഗൽഭ്യമുള്ള കേന്ദ്ര സംസ്ഥാന ഏജൻസികളെ ഐ. ടി. വകുപ്പ് ടോട്ടൽ സൊലൂഷ്യൻ പ്രൊവൈഡേഴ്സ് (ടി. എസ്. പി.) ആയി നിയമിച്ചിട്ടുണ്ട്. ടി. എസ്. പി. മുഖാന്തിരം കമ്പ്യൂട്ടറൈസേഷൻ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഹാർഡ്വെയറുകളുടെ നിലവാര തകർച്ച ഉണ്ടാവുകയില്ല.

(ഇ) ഇ-ഗവേർണൻസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സെക്രട്ടറിയേറ്റും ജില്ലാ കളക്ടറേറ്റുകളും പബ്ലിക് ആഫീസിനെയും ബന്ധിപ്പിച്ചുകൊണ്ടുള്ള സെക്രട്ടറിയേറ്റ് 'വൈഡ് ഏരിയ നെറ്റ് വർക്ക്' (S-WAN) നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട ജീവനക്കാർക്ക് കെൽട്രോൺ മുഖേന 'ബേസിക് ഓഫീസ് ഓട്ടോമേഷൻ', 'ഫയൽ ഫ്ളോ മാനേജ്മെന്റ്', 'മലയാളം-വേർഡ് പ്രൊസസ്സിംഗ്' എന്നീ വിഷയങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്ന മറ്റു വകുപ്പുകളിലെ ജീവനക്കാർക്ക് അതാതു വകുപ്പുകളാണ് പരിശീലനം നൽകുന്നത്. ഇതിന്റെ വിവരം ശേഖരിച്ചുനൽകുന്നതാണ്.

ഹജ്ജ് തീർത്ഥാടകർക്ക് സബ്സിഡി

34 [1336] ഡോ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹജ്ജ് തീർത്ഥാടകർക്കുള്ള സബ്സിഡി കേന്ദ്ര ഗവൺമെന്റ് നിർത്തൽ ചെയ്തിട്ടുണ്ടോ; എങ്കിൽ എന്നുമുതലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് പുനരാരംഭിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് സമ്മർദ്ദം ചെലത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly